ഇലക്ട്രിസിറ്റി ഡ്യൂട്ടിയായ 1522.53 കോടി രൂപ പെൻഷൻ ഫണ്ടിനായി വിനിയോഗിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിനുപുറമെ കൈമാറ്റ പദ്ധതി പ്രകാരം 524 കോടി രൂപ ബഡ്ജറ്ററി അലോക്കേഷൻമൂലം പത്ത് വാർഷിക ഗഡുക്കളായി കേരള സർക്കാർ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുമെന്ന് ഉത്തരവായിട്ടുള്ളതും അതിൽ 119.80 കോടി രൂപ സർക്കാർ കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകിയിട്ടുള്ളതുമാണ്. പെൻഷൻ ഫണ്ടിന്റെ ബാധ്യത നിറവേറ്റുന്നതിലേയ്ക്കായി 11,895 കോടി രൂപയുള്ള രണ്ട് കടപ്പത്രങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് മാസ്റ്റർ ട്രസ്റ്റിന് നൽകുന്നതിനായുള്ള നടപടികളെടുത്തു വരുന്നു.

(ബി) 2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ടിലെ 131 (2)-ാം വകുപ്പ പ്രകാരമുള്ള അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് മുൻ കെ.എസ്.ഇ.ബി.യുടെ ആസ്തി-ബാദ്ധ്യതകൾ കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന പൂർണ്ണമായും സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയിലേയ്ക്ക് പുനർ നിക്ഷിപ്തമാക്കിക്കൊണ്ട് സർക്കാർ, കേരള ഇലക്ട്രിസിറ്റി രണ്ടാം കൈമാറ്റ പദ്ധതി വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൈമാറ്റ പദ്ധതിയിൽ വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളതും സർക്കാരും കെ.എസ്.ഇ.ബി. ലിമിറ്റഡും ജീവനക്കാരും ഏർപ്പെട്ട ത്രികക്ഷി കരാറിൽ അംഗീകരിക്കപ്പെട്ടതുമായ മാസ്റ്റർ ട്രസ്റ്റ് മുഖേനയുള്ള പെൻഷൻ രീതി മാത്രമെ നിയമപരമായി നടപ്പിലാക്കാൻ കഴിയൂ.

കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം

11 (2212) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. കെ.മുരളീധരൻ :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേരള പവർ ഇമ്പ്രൂവ്മെന്റ് സ്കീം പദ്ധതി നടപ്പാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുതിയ മുനിസിപ്പാലിറ്റികളായ നിലമ്പൂർ, കോട്ടയ്ക്കൽ, നീലേശ്വരം, കരുനാഗപ്പള്ളി എന്നിവിടങ്ങളിലും RAPDRP നിലവിലില്ലാത്ത മാവേലിക്കര, ചെങ്ങന്നൂർ, പാല, വൈക്കം, അടൂർ, മുവാറ്റുപുഴ, വടക്കൻപറവൂർ, പെരുമ്പാവൂർ, ഇരിങ്ങാലക്കുട, കുത്തുപറമ്പ്, തലശ്ശേരി, കല്പറ്റ, തുടങ്ങിയ ഠൗണുകളിലും കേരള പവർ ഇംപ്രൂവ്മെന്റ് സ്കീം (KPIS) നടപ്പിലാക്കിവരുന്നു.

(ബി) ടി പദ്ധതി വിതരണ ശൃംഖല മെച്ചപ്പെടുത്താനും പ്രസരണ-വിതരണ വാണിജ്യ നഷ്ടം (AT&C) കുറയ്ക്കാനുമാണ് ലക്ഷ്യമിടുന്നത്.

(സി) ഈ പദ്ധതിയിൽ ഉൾപ്പെടുത്തി നാളിതുവരെ 9.17 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. പല ടൗണുകളിലെയും പ്രവൃത്തികൾക്ക് ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

അധിക ഊർജ്ജ ലഭ്യത ഉറപ്പാക്കാൻ നടപടികൾ

12 (2213) ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തുടക്കമിട്ട വൻകിട വികസന പദ്ധതികൾക്ക് വേണ്ടിവരുന്ന അധിക ഊർജ്ജ ലഭ്യത ഉറപ്പാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത വർദ്ധനവ് പരിഗണിച്ച് ഊർജ്ജത്തിന്റെ ആഭ്യന്തര ഉല്പാദനം, വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ;

(സി) പ്രസ്തുത വിഷയം എങ്ങനെ പരിഹരിക്കാനാണ് ഉദ്ദേശിക്കുന്നത്; ആയതിന് ഏതൊക്കെ മേഖലകളിൽനിന്നും ഊർജ്ജം ലഭ്യമാക്കാനാവുമെന്നു പ്രതീക്ഷിക്കുന്നു?

ഉത്തരം

(എ-സി) വൻകിട വികസന പദ്ധതികൾക്കാവശ്യമായ അധിക ഊർജ്ജ ലഭ്യത ഉറപ്പുവരുത്തുന്നതിന് ആഭ്യന്തരമായി വളരെ പരിമിതമായ സാധ്യതകളാണ് നിലവിലുള്ളത്. ആഭ്യന്തരമായി ലഭ്യമായ എല്ലാ സ്രോതസ്സുകളിൽനിന്നും ജലം, കാറ്റ്, സൗരോർജ്ജം-പരമാവധി ഉൽപ്പാദനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കേന്ദ്ര വിഹിതമായി ലഭിക്കുന്ന വൈദ്യുതിയും പുറമെ

LIBRARY ARCHIVES Kerala Legislative Assembly